പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2432 — 20/06/2012-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മെച്ചപ്പെട്ട ജീവിതസൗകര്യം

ചോദ്യം — മറുപടി

ശ്രീ.ഷാഫി പറമ്പിൽ :
ശ്രീ.വി.റ്റി.ബൽറാം
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.പി.എ.മാധവൻ

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടികവർഗ്ഗ കുടുംബ-ങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സൗകര്യം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്? | (എ) | പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട ജീവിത സൗകര്യം ഉറപ്പാക്കുന്നതിന് ഭൂമി, വീട്, കുടിവെള്ളം, വൈദ്യുതി, വിദ്യാഭ്യാസം ആരോഗ്യകാര്യങ്ങൾ എന്നിവയ്ക്ക് ചുവടെ ചേർത്തിരിക്കുന്ന വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു.<br>1. മാതൃക കോളനികൾ<br>2. കുടിവെള്ളപദ്ധതി<br>3. വൈദ്യുതീകരണം<br>4. വിദ്യാഭ്യാസ പദ്ധതികൾ<br>5. ഇ-ഗ്രാന്റ് പദ്ധതി<br>6. ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്നതിനും, വീടും വെയ്ക്കുന്ന-തിനും ധനസഹായം.<br>7. പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതികൾക്ക് വിവാഹ ധനസഹായം.<br>8. ഫുഡ്സപ്പോർട്ട് പ്രോഗ്രാം<br>9. അടിയ പണിയ സമുദായത്തിനും പ്രത്യേക ദുർബ്ബല വിഭാഗത്തിൽ പെട്ടവർക്കും പ്രത്യേക പാക്കേജ് പദ്ധതി.<br>10. അതിക്രമങ്ങൾക്ക് ഇരയാകുന്ന പട്ടിക വർഗ്ഗക്കാർക്ക് ധനസഹായം.<br>11. വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ.<br>12. പട്ടികവർഗ്ഗത്തിൽ തന്നെ പിന്നോക്കം നിൽക്കുന്ന പ്രാക്തന ഗോത്ര വർഗ്ഗക്കാർക്ക് 148 കോടി രൂപയുടെ കേന്ദ്ര സഹായ പദ്ധതി.<br>13. പട്ടികവർഗ്ഗ കോ-ഓപ്പറേറ്റീവ് സൊസൈ-റ്റികൾക്ക് ധനസഹായം.<br>14. സമഗ്ര ആരോഗ്യ വികസന പദ്ധതികൾ.<br>15. പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യം വിപുലീകരിക്കാൻ ധനസഹായം .<br>16. കാർഷിക ധനസഹായം . |
| (ബി) | ഇതിനുവേണ്ടി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ പട്ടിക വർഗ്ഗ മോഡൽ കോളനി, അവിവാഹിതരായ അമ്മ മാർക്ക് പ്രത്യേക പാക്കേജ്, പ്രാക്തന ഗോത്രവർഗ്ഗ ക്കാർക്ക് അടിസ്ഥാന സൗകര്യത്തിന് പ്രത്യേക പദ്ധതി, പ്രൊഫഷണൽ വിദ്യാർത്ഥി-കൾക്ക് ലാപ്പ്ടോപ്പ്, 8-ാം ക്ലാസ്സ് വിദ്യാർ ത്ഥികൾക്ക് സൈക്കിൾ വിതരണം എന്നീ പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നട പ്പാക്കുന്നു. |
| (സി) | എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പുതിയ പദ്ധതികളിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; | (സി) | അവിവാഹിതരായ അമ്മമാർക്ക് വീട്, വരുമാനദാ യകമായ രീതിയിൽ ഉള്ള തൊഴിൽ പദ്ധതികൾ, പ്രാക്തന ഗോത്രവർഗ്ഗത്തിൽപ്പെട്ടവരുടെ സാമൂ ഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതി നുള്ള പ്രത്യേക പദ്ധതി, പട്ടികവർഗ്ഗ മോഡൽ കോളനികളിൽ വീട്, റോഡ്, കുടിവെള്ളം, വൈദ്യുതി, അംഗൻവാടി, കോമൺഫെസിലിറ്റി സെന്റർ എന്നിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ പ്രത്യേക പദ്ധതി നടപ്പാക്കുന്നതിന് 6 സെക്ടർ ആഫീസർമാർ, ഒരു പ്രോജക്ട് ലീഡർ എന്നിവരെ നിയമിച്ചു. പട്ടിക വർഗ്ഗ മോഡൽ കോളനിയിൽ 125 വീടുകൾ |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിന് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുകയും ആവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്തു. അതോടൊപ്പം പ്രസ്തുത കോളനിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പും പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ